# STD - IV

## അദ്ധ്യാപക സഹായി

**പാഠം – പത്ത്  കൂദാശാനുകരണങ്ങൾ  ഭാഗം – ഒന്ന്**

### ലക്ഷ്യം

കൂദാശകൾ വഴി നമുക്കു ലഭിച്ച ജീവൻ നിലനിർത്തുന്നതിനും ദൈവത്തോട് കൂടുതൽ അടുക്കുന്നതിനും വിശുദ്ധജീവിതം നയിക്കാനും കൂദാശാനുകരണങ്ങൾ നമ്മെ സഹായിക്കുന്നു. കൂദാശാനുകരണങ്ങൾ വഴി ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ നമുക്ക് ദൈവത്തിൽനിന്നും ലഭിക്കുന്നു. കൂദാശാനുകരണങ്ങൾ ആവശ്യമായ ഒരുക്കത്തോടും ഭക്തിയോടും കൂടെ ആചരിക്കും.

### പഠനസഹായികൾ

* വിവിധ ആശീർവാദങ്ങളുടെ ചിത്രങ്ങൾ
* ആശീർവാദങ്ങളുടെ വീഡിയോ ക്ലിപ്പിംഗ് – യൂ-ട്യൂബ്
* കൂദാശാനുകരണങ്ങളുടെ പേരുകൾ എഴുതിയ ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* കൂദാശാനുകരണങ്ങൾ
* ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ നേടിത്തരുന്നു.
* ആശീർവാദങ്ങൾ – സൈത്ത് ആശീർവാദം, ദൈവാലയ ആശീർവാദം, വ്രതവാഗ്ദാനം, മൃതസംസ്ക്കാര ശുശ്രൂഷ, തിരുസ്വരൂപങ്ങൾ – വെഞ്ചിരിപ്പ്.

### പ്രാർത്ഥന

യേശുനാഥാ കൂദാശ സ്വീകരണങ്ങളിലൂടെയും കൂദാശാനുകരണങ്ങളിലൂടെയും വിശുദ്ധിയിൽ വളരാൻ ഞങ്ങളെ സഹായിക്കണമേ.

### ചോദ്യങ്ങൾ

1. കൂദാശാനുകരണങ്ങൾ നമ്മെ എങ്ങനെ സഹായിക്കുന്നു?
2. ആശീർവാദകർമ്മം നടത്തുന്നത് ആരാണ്?
3. സൈത്ത് ഉപയോഗിക്കുന്നത് എന്തിനാണ്? സൈത്ത് ആശീർവദിക്കുന്നത് ഏത് ദിവസമാണ്?
4. ദൈവത്തിന്റെ വാസകേന്ദ്രം ഏതാണ്?
5. വ്രതവാഗ്ദാനത്തിൽ സന്ന്യസ്തർ എടുക്കുന്ന മൂന്ന് വ്രതങ്ങൾ ഏതെല്ലാം?

# STD - IV

## അദ്ധ്യാപക സഹായി

**പാഠം - പത്ത്   കൂദാശാനുകരണങ്ങൾ   ഭാഗം - രണ്ട്**

### ലക്ഷ്യം

കൂദാശകൾ വഴി നമുക്ക് ലഭിച്ച ദൈവിക ജീവൻ നിലനിർത്തുന്നതിനും ദൈവത്തോടു കൂടുതൽ അടുക്കുന്നതിനും വിശുദ്ധജീവിതം നയിക്കുന്നതിനും കൂദാശാനുകരണങ്ങൾ നമ്മെ സഹായിക്കുന്നു. കൂദാശാനുകരണങ്ങൾ തിരുസഭയാൽ സ്ഥാപിതമാണ്. കൂദാശകൾ ഫലപ്രദമായി സ്വീകരിക്കുന്നതിന് കൂദാശാനുകരണങ്ങൾ നമ്മെ സഹായിക്കുന്നു. കൂദാശാനുകരണങ്ങളിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കും.

### പഠനസഹായികൾ

* കുട്ടികളെ വിവിധ ആശീർവാദങ്ങളിൽ പങ്കെടുപ്പിക്കുന്നു.
* ഭവന വെഞ്ചരിപ്പിന്റെ ചിത്രം
* ഭക്താഭ്യാസങ്ങളുടെ പേരുകൾ എഴുതിയ ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* വെഞ്ചരിപ്പ്
* ഭക്താഭ്യാസങ്ങൾ
* ദൈവവിളിക്കായുള്ള പ്രാർത്ഥന

### പ്രാർത്ഥന

യേശുനാഥാ കൂദാശാനുകരണങ്ങൾ ഭക്തിയോടും ശ്രദ്ധയോടുംകൂടെ ആചരിക്കുവാനും അതുവഴി വിശുദ്ധജീവിതം നയിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

### ചോദ്യങ്ങൾ

1. കൂദാശാനുകരണങ്ങളുടെ ശക്തികേന്ദ്രം എന്താണ്?
2. കൂദാശാനുകരണങ്ങൾ എന്തിനാൽ സ്ഥാപിതമാണ്?
3. ആരുടെ മദ്ധ്യസ്ഥ്യം വഴിയാണ് കൂദാശാനുകരണങ്ങളുടെ ഫലങ്ങൾ ലഭിക്കുന്നത്
4. കൂദാശാനുകരണങ്ങളുടെ ഫലങ്ങൾ എന്തെല്ലാം
5. ഭക്താഭ്യാസങ്ങൾ ഏതെല്ലാമാണ്?